K15U 0511

GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

Reg. No.: ..............................

Name : ..................................

# I Semester B.A./B.Sc. Degree (CCSS – Reg./Supple./Improve.) Examination, November 2015
## COMMON COURSE IN MALAYALAM
## 1 A 07 MAL : സാഹിത്യ ഗണങ്ങൾ
## (2014 Admn. Onwards)

Time : 3 Hours Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

1) പ്രകൃതിയിലെ ജീവജാലങ്ങൾ തമ്മിലുള്ള സൂക്ഷ്മസാഹോദര്യം ലളിതാംബിക അന്തർജനത്തിന്റെ കഥകളിൽ എങ്ങനെയെല്ലാം പ്രകടമാകുന്നു ? 'മാണിക്കൻ' എന്ന കഥയെ ആധാരമാക്കി വിവരിക്കുക.

2) വള്ളത്തോൾക്കവിതയിലെ നാടകീയത 'ശിഷ്യനും മകനി'ലും പ്രകടമാകുന്നതെങ്ങനെ ? വിലയിരുത്തുക.

3) 'പന്തിഭോജനം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

4) ഹാസ്യത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള എം. പി. പോളിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക. **(2x7=14)**

II. **നൂറമ്പത്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) ''അവരെക്കളിപ്പാവ കണക്കെച്ചലിപ്പിക്കും
അവിശുദ്ധങ്ങൾ കൈകൾ വേറെയുണ്ടതിൻ പിന്നിൽ'' – വിവക്ഷിതമെന്ത് ?

6) ''വേറുള്ളതെല്ലാം തിളക്കുന്ന വർണ്ണം'' – സാരസ്യമെന്ത് ?

7) ''അന്നേ മനസ്സിൻ ചിറകിന്നു കൊണ്ടതാ –
ണമ്പുകൾ പോലാ മുനയുള്ള വാക്കുകൾ''. സന്ദർഭം ഏത് ?

8) പണവും സമയവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമെന്ത് ?

9) 'അന്നുമുതൽ അവർക്ക് നല്ലകാലമായി' ആർക്ക് ? കാരണമെന്ത് ?

10) 'ചരിത്രത്തിനുള്ളിലെ ഭ്രാന്തിന്റെ പ്രാകൃതമായ വെളിപ്പെടുത്തലായിരുന്നു അത്'. ഏത് ? വ്യക്തമാക്കുക. **(4x3=12)**

P.T.O.

III. **നൂറ്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) ഒരു ദിവസത്തെ ഏറ്റവും പ്രധാനപ്പെട്ട അര മണിക്കൂർ എന്തിനായി നീക്കിവയ്ക്കണമെന്നാണ് ലേഖകൻ പറയുന്നത് ?

12) ''ചില്ലുകൾ കരയുന്നെന്നുള്ളിനോടൊപ്പം, കരി – ങ്കല്ലുകൾ ചിരിക്കുന്നിതസ്ഥികൂടത്തോടൊപ്പം''. സന്ദർഭവും സാരസ്യവും എഴുതുക.

13) ''ഈ മഹാ ശൈലത്തിന്റെ താഴ്‌വരയിങ്കൽ കാണാം''. എന്ത് ?

14) 'വൃത്തികേടുകളുടെ ഈ മധ്യത്തിൽ ഇനിയും എനിക്ക് നിൽക്കാനാവില്ല' ആർക്ക് ? കാരണം ?

15) 'ചെകുത്താൻ ഒരു പിഞ്ചു പൈതലായി മാറി'. എപ്പോൾ ?

16) 'ഒരു നിറം മാത്രമേ തന്നതുള്ളൂ വിധി' ആരുടെ വിലാപമാണിത് ? **(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണത്തിന്** ഉത്തരമെഴുതുക.

17) ഭഗീരഥന്റെ ദത്തുപുത്രി ആര് ?

18) കാളിദാസന്റെ നഗരം ഏതാണ് ?

19) ''കണ്ണടച്ചെന്നാൽ കരളിന്നകത്തൊരു
പൊന്നും ചിലമ്പു കിലുക്കും കുമാരിക'' ആരാണ് കുമാരിക ?

20) ഒന്നാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടനിലെ പ്രധാനമന്ത്രി ആരായിരുന്നു ?

21) ശ്രീനാരായണഗുരുവിൽ കെ. പി. അപ്പൻ ഏത് ആദ്ധ്യാത്മിക ഗുരുവിന്റെ സാന്നിദ്ധ്യമാണ് കാണുന്നത് ?

22) 'കടൽക്കാക്കകൾ' എന്ന കവിത എഴുതിയതാര് ?

23) 'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം' ആരാണിങ്ങനെ ചോദിച്ചത് ?

24) 'കേരളത്തിലെ നാട്ടുവൈദ്യം' എന്ന കൃതി എഴുതിയതാര് ? **(6×1=6)**

---